# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5291** **15-11-2019-ൽ**
മറുപടി നൽകേണ്ടത്

## കേരള സ്റ്റേറ്റ് ആഡിയൊ വിഷ്വൽ & റിപ്പ്രോഗ്രാഫിക് സെന്ററിന് ലഭിച്ച കത്ത്

ചോദ്യം ഉത്തരം

**ശ്രീ. കെ. ദാസൻ** : **ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പൊതുഭരണ (അക്കൗണ്ട്സ്.പി) വകുപ്പിൽ നിന്നും 01/04/2019 ലെ അക്കൗ.പി.1/04/2019/പൊഭവ. നമ്പർ പ്രകാരം മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിയൊ വിഷ്വൽ & റിപ്പ്രോഗ്രാഫിക് സെന്ററിന് ലഭിച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) യും (ബി) യും | 21.10.2019-ലെ സി-ആപ്റ്റ്/ 2016/09/ഇ.എസ്.റ്റി. നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | ശ്രീ. എൻ. വി. രാമകൃഷ്ണൻ എന്ന വ്യക്തിയുടെ സേവനപുസ്തകം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത കത്തിന് ഇതുവരെയും മറുപടി നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ ; | | |
| (സി) | കേരള സ്റ്റേറ്റ് ആഡിയൊ വിഷ്വൽ & റിപ്പ്രോഗ്രാഫിക് സെന്ററിൽ ശ്രീ. എൻ. വി. രാമകൃഷ്ണൻ 15/02/ 2001ന് ശേഷം ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ സേവന പുസ്തകം ഓഫീ | (സി) | ഉണ്ട്. ഓഫീസ് രേഖകൾ പ്രകാരം ശ്രീ. എൻ. വി. രാമകൃഷ്ണൻ 15/02/2001-ൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും 07-09-2002-ൽ ടിയാളെ സർവ്വീസിൽ നിന്നും പിരിച്ച |

| | | | |
|---|---|---|---|
| | സിൽ സൂക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | വിട്ടിട്ടുള്ളതുമാണ്. സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ സേവന പുസ്തകം സ്ഥലപരിമിതി മൂലം ഹെഡ് ഓഫീസ് കോംപ്ലക്സിലെ രണ്ടാം നിലയിൽ റിക്കാർഡ് റൂമിലാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ ടി കെട്ടിട മുറിയിലെ മേൽക്കൂരയിൽ ചോർച്ച ഉണ്ടായിരുന്നതിനാൽ വെള്ളം കയറുകയും ചില സേവന പുസ്തകങ്ങളും പഴയ റിക്കാർഡുകളും നശിച്ചു പോയിരുന്നു. ശ്രീ.എൻ.വി.രാമകൃഷ്ണന്റെ സേവന പുസ്തകം ആവശ്യപ്പെട്ടതിനെ തുടർന്ന് സേവന പുസ്തകം ലഭിക്കുന്നതിലേയ്ക്ക് റിക്കാർഡ് റൂം പരിശോധിച്ചെങ്കിലും ആയത് കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം

നം. സി-ആപ്റ്റ്/216/09/ഇ.എസ്.റ്റി.
24.10.2019

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
പൊതുഭരണ (അക്കൗണ്ട്സ്.പി) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : സി-ആപ്റ്റ്-ജീവനകാര്യ വിഭാഗം - ശ്രീ. എൻ.പി. രാമകൃഷ്ണൻ, ഓഫീസ് അസി
സ്റ്റന്റ് - സേവന പുസ്തകം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : 01.04.2019-ാം തീയതി പൊതുഭരണ (അക്കൗണ്ട്സ് പി) വകുപ്പിൽ നിന്നും ലഭിച്ച
നം. അക്കൗ.പി.1/04/2019/പൊ.ഭ.വ നമ്പർ കത്ത്

മേൽ സൂചന പ്രകാരം ശ്രീ. എൻ.പി രാമകൃഷ്ണൻ, ഓഫീസ് അസിസ്റ്റന്റ് എന്ന വ്യക്തിയുടെ സേവ
നപുസ്തകം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് കത്ത് ലഭിച്ചിരുന്നു.

സെന്ററിൽ 2001-ൽ കടുത്ത സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെ തുടർന്ന് സർക്കാർ ഇതു സംബ
ന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ മൂന്നംഗ കമ്മിഷനെ നിയോഗിച്ചിരുന്നു. കമ്മിഷൻ സ്ഥാപനത്തിൽ
അധിക ജീവനക്കാർ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അധിക ജീവന
ക്കാരെ പിരിച്ചുവിടുവാൻ ഉത്തരവാകുകയും, തുടർന്ന് സ്ഥാപനത്തിൽ നിന്നും **07.09.2002-ന് 419** ജീവന
ക്കാരെ പിരിച്ചുവിടുകയുണ്ടായി. ഇതിൽ ശ്രീ. എൻ.പി രാമകൃഷ്ണനും ഉൾപ്പെട്ടിരുന്നു.

ടി കാലയളവിൽ സെന്ററിന്റെ ഹെഡ് ഓഫീസ് പുന്നപുരത്താണ് പ്രവർത്തിച്ചുവന്നിരുന്നത്. പിരിച്ചു
വിടലിനുശേഷം ഹെഡ് ഓഫീസ് വട്ടിയൂർക്കാവിലേയ്ക്ക് മാറ്റിയിരുന്നു. സർവ്വീസിൽ നിന്നും പിരിച്ചുവിട്ട
ജീവനക്കാരുടെ സേവനപുസ്തകം സ്ഥലപരിമിതി മൂലം ഹെഡ് ഓഫീസ് കോംപ്ലക്സിൽ രണ്ടാം നിലയിൽ
റിക്കാർഡ് റൂമിലാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ ടി കെട്ടിട മുറിയിലെ മേൽക്കൂരയിൽ ചോർച്ച ഉണ്ടായിരുന്ന
തിനാൽ വെള്ളം കയറുകയും ചില സേവനപുസ്തകങ്ങളും പഴയ റിക്കാർഡുകളും നശിച്ചുപോയിരുന്നു.
സർക്കാർ നിർദ്ദേശപ്രകാരം ശ്രീ. രാമകൃഷ്ണന്റെ സേവനപുസ്തകം ആവശ്യപ്പെട്ടതിനെതുടർന്ന് ടി പുസ്തക
ലഭിക്കുന്നതിലേയ്ക്ക് റിക്കാർഡ് റൂം പരിശോധിക്കുകയും ആയത് കണ്ടെടുക്കുവാൻ സാധിച്ചിരുന്നില്ല.
സേവന പുസ്തകം കണ്ടെത്തുന്നതിന് ശ്രമം നടത്തി വരുന്നതിനാൽ സേവന പുസ്തകം കണ്ടെത്തുന്ന
മുറയ്ക്ക് സ്ഥാപനത്തിൽ നിന്ന് പിരിച്ചുവിട്ട ശ്രീ. രാമകൃഷ്ണൻ, എൻ.പി, ഓഫീസ് അസിസ്റ്റന്റിന്റെ സേവന
പുസ്തകം അയച്ചുതരുന്നതാകുന്നു.

ഇത് അങ്ങയുടെ അറിവിലേയ്ക്കായി സാദരം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

പ്രൊഫ. (ഡോ.) എം. അബ്ദുൾ റഹിമാൻ
മാനേജിംഗ് ഡയറക്ടർ

True copy attested